# 17th ASEAN-India Summit

November 11, 2020

## 17 മത് ആസിയാൻ-ഇന്ത്യ ഉച്ചകോടി

നവംബർ 11, 2020

1. 2020 നവംബര്‍ 12 നു നടന്ന 17 ആസിയാൻ -ഇന്ത്യ ഉച്ചകോയ്ക്ക് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയും വിയറ്റ്നാം പ്രധാനമന്ത്രി ശ്രീ.ന്യൂഗേൻ ഷാൻ ഫൂക്കും സംയുക്തമായി അധ്യക്ഷത വഹിച്ചു. ആസിയാൻ 10 അംഗരാജ്യങ്ങളിലെയും നേതാക്കൾ ഉച്ചകോടിയിൽ പങ്കെടുത്തു. ഉച്ചകോടി ഓൺലൈൻ ആയാണ് നടന്നത്.

2. ആസിയാൻ -ഇന്ത്യ നയതന്ത്ര പങ്കാളിത്തത്തിന്റെ സ്ഥിതി ഉച്ചകോടിയിൽ അവലോകനം ചെയ്തു കൂടാതെ കണക്ടിവിറ്റി, നാവിക സഹകരണം, വാണിജ്യ വ്യവസായ മേഖല, വിദ്യാഭ്യാസം, വിഭവശേഷി വികസനം എന്നിങ്ങനെയുള്ള പ്രധാന മേഖലകളിലെ പുരോഗതിയും ചർച്ച ചെയ്യപ്പെട്ടു. ആസിയാൻ -ഇന്ത്യ ഇടപെടപ്പുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഇതേ തുടർന്ന് ആസിയാൻ-ഇന്ത്യ പ്ലാൻ ഓഫ് ആക്ഷൻ (2021 -2025) സ്വീകരിക്കുന്നതിനെക്കുറിച്ച് നേതാക്കൾ ചർച്ച ചെയ്തു. കോവിഡ്-19, കോവിഡിന് ശേഷമുള്ള സാമ്പത്തിക തിരിച്ചുവരവ്, പ്രധാനപ്പെട്ട പ്രാദേശിക അന്തർദേശീയ സംഭവവികാസങ്ങൾ എന്നിവയും ഉച്ചകോടിയിൽ ചർച്ച ചെയ്യപ്പെട്ടു.

3. ഇന്ത്യയ്ക്കും ആസിയാൻ രാഷ്ട്രങ്ങൾക്കും ഉന്നതതല ഇടപെടലുകൾക്ക് ആസിയാൻ -ഇന്ത്യ ഉച്ചകോടി അവസരം നൽകി. കഴിഞ്ഞ വർഷം നവംബറിൽ ബാങ്കോക്കിൽ വച്ചായിരുന്നു 16 മത് ആസിയാൻ -ഇന്ത്യ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുത്തത്. 17 മത് ആസിയാൻ -ഇന്ത്യ ഉച്ചകോടി അദ്ദേഹം പങ്കെടുക്കുന്ന എട്ടാമത് ഉച്ചകോടിയാണ്.

4. ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും, സാംസ്കാരികമായും പങ്കുവയ്ക്കപ്പെടുന്ന ബന്ധങ്ങൾ ഉള്ള ഇന്ത്യ -ആസിയാൻ നയതന്ത്ര ബന്ധത്തിന് ശക്തമായ അടിത്തറയാണുള്ളത്. ഇന്ത്യയുടെ ആക്ട് ഈസ്റ് നയം ആസിയാൻ കേന്ദ്രീകൃതമാണ്, ഇത് ഇന്ത്യ ആസിയാൻ രാഷ്ട്രങ്ങളുമായുള്ള ഇടപെടലിന് നൽകുന്ന പ്രാധാന്യം പ്രതിഫലിപ്പിക്കുന്നതാണ്.

**ന്യൂ ഡൽഹി**
**11 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.